**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1373** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഗതാഗത വകുപ്പ് മുഖേന മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഉഷ വിജയൻ

ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗതാഗത വകുപ്പ് മുഖേന മാനന്തവാടി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; അതിനായി ചെലവഴിച്ച തുകകൾ എത്രയെന്നും വിശദമാക്കാമോ?

**<u>മറുപടി:</u>** **<u>കെ.എസ്.ആർ.ടി.സി</u>**

2025-26 -ലെ ബജറ്റ് ഫണ്ടിൽ നിന്നും അനുവദിച്ച 2 കോടി രൂപ വിനിയോഗിച്ച് PWD മുഖേന മാനന്തവാടി ഡിപ്പോയിൽ യാർഡ് കോൺക്രീറ്റിംങ് വർക്ക് പുരോഗമിച്ചു വരുന്നു.

**<u>മോട്ടോർ വാഹന വകുപ്പ്</u>**

വാഹനങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് പൊതു സ്വകാര്യ പങ്കാളിത്തത്തോടെ 28 ഓട്ടോമേറ്റഡ് വെഹിക്കിൾ ടെസ്റ്റിങ്ങ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഇതിൽ 9 എണ്ണം മുൻപ് അനുമതി നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതും 19 എണ്ണം കഴിഞ്ഞ സാമ്പത്തിക വർഷം അനുമതി നൽകിയതുമാണ്. ഒരു ജില്ലയിൽ 2 സ്റ്റേഷൻ എന്ന ക്രമത്തിലാണ് അനുമതി നൽകിയിട്ടുള്ളത്. ഈ വർഷം തന്നെ സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ഈ പദ്ധതി Build Own and Operate basis പ്രകാരമാണ് നടപ്പിലാക്കുന്നത്. അതിനാൽ സർക്കാർ ഈ പദ്ധതിയിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**